പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

05.02.2020 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 1006

## പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഐ.സി. ബാലകൃഷ്ണൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന എത്ര തോട്ടങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചു; | (എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് വിവിധ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു. |
| ബി) നിലവിൽ സംസ്ഥാനത്ത് എത്ര തോട്ടങ്ങളാണ് അടഞ്ഞുകിടക്കുന്നത്; അവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിൽ സംസ്ഥാനത്ത് 13 തോട്ടങ്ങൾ അടഞ്ഞ് കിടക്കുന്നുണ്ട്. തോട്ട വിളകളുടെ വിലയിടിവു ഉൾപ്പെടെയുള്ള കാരണങ്ങളാൽ തോട്ടം ഉടമകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടു വരുന്നു. വേതനം, ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് എന്നീ ഇനങ്ങളിൽ ഭീമമായ തുക തൊഴിലാളികൾക്ക് കുടിശ്ശികയായി നൽകുവാനുമുണ്ട്. നികുതി കുടിശ്ശിക, കറന്റ് ചാർജ്ജ് എന്നീ ഇനങ്ങളിലും തുക നൽകാനുണ്ട്. തൊഴിലുടമകൾക്ക് ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാകുന്നില്ല എന്ന പ്രതിസന്ധിയും നിലവിലുണ്ട്. |
| സി) തോട്ടം മേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; അതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) തോട്ടം മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന്റെ കരട് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികൾ തോട്ടം മേഖലയിൽ വ്യാപിപ്പിക്കുന്നതിനും, കുടിവെള്ള പദ്ധതി, ശൗചാലയ പദ്ധതി, മാതൃശിശുസംരക്ഷണപദ്ധതി തുടങ്ങിയവ തോട്ടം ഉടമകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഇവ കരട് തോട്ടം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തോട്ടം മേഖലയിൽ ഇ.എസ്.ഐ പദ്ധതി നടപ്പിലാക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

ഡി) വ്യവസായങ്ങൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയ്ക്കും ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഇ) തോട്ടം വിളകൾക്ക് ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) ഉണ്ട്. കരട് പ്ലാന്റേഷൻ നയത്തിൽ ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) തോട്ടം വിളകൾക്ക് ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കുന്നത് കരട് പ്ലാന്റേഷൻ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ക്ലസ്റ്റർ പദ്ധതികൾ തോട്ടം വിളകൾക്കും കൂടി നടപ്പാക്കുന്നതും സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലബാർ കോഫി ബ്രാൻഡഡ് കോഫിയുടെ ചുവട് പിടിച്ച് തേയില ഉത്പാദന സംഭരണ വിതരണ മേഖലകളിൽ ഇടപെടുന്ന കാര്യവും കരട് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**